7. മത്സ്യത്തീറ്റ സബ്സിഡി വിതരണം - 581 കർഷകർക്ക് 17,48,125 രൂപ വിതരണം ചെയ്തു.

8. മത്സ്യസമൃദ്ധി II-ന്റെ ഭാഗമായി ശുദ്ധജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം 1242.46 ഹെക്ടറിൽ പൂർത്തിയായി. ബാക്കി ഘടക പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പാലക്കാട് ജില്ലയിലെ പട്ടികജാതി വനിതകൾക്ക് വേണ്ടിയുള്ള അലങ്കാര മത്സ്യകൃഷിയുടെ 10 യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരികയാണ്. പാലക്കാട് ജില്ലയിൽ 159 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിതി കേന്ദ്രം മുഖേന നിർമ്മിക്കുന്ന അക്വേറിയത്തിന്റെ പണികൾ ഡിസംബറിൽ പൂർത്തിയാകുന്നതാണ്. കൊല്ലങ്കോട് നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന മീങ്കരയിലുള്ള മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് 140 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ചു കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും, പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2014-15, 2015-16 എന്നീ വർഷങ്ങളിലായി 8.45 ലക്ഷം കുഞ്ഞുങ്ങൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

കുറ്റ്യാടി മണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ

202 (210) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പരിഷ്കരണ പ്രവൃത്തികൾക്കാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന റോഡുകളുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട് :

1. കുറുവഞ്ചേരി കുറുങ്ങോട് താഴപാലയാട്ട റോഡ് (95 ലക്ഷം രൂപ)
2. ചെരങ്ങത്തൂർ പോസ്റ്റാഫീസ് മാങ്ങാംമൂഴി റോഡ് (98 ലക്ഷം രൂപ)

LIBRARY ARCHIVES Kerala Legislative Assembly

3. കുന്നത്തുക്കര, ചെറിയന്നൂർ മുയുവന മണപ്പുറത്ത് താഴപാത (മണിയൂർ ഗ്രാമപഞ്ചായത്ത്) (57 ലക്ഷം രൂപ)

4. ഇറശ്ശേരി പാലത്തിനടുത്ത് നാളോങ്കണ്ടിമുക്ക് (അരക്കണ്ടി മുക്ക്) മുതൽ നെല്ലാച്ചേരി നട ചീർപ്പ് വരെയുള്ള റോഡ് (മണിയൂർ ഗ്രാമപഞ്ചായത്ത്) (79 ലക്ഷം രൂപ)

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധി

203 (211) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന മേഖല ഇപ്പോൾ ആകെ പ്രതിസന്ധിയിലായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയുടെ വികസനം സംബന്ധിച്ച പ്രഖ്യാപിത പദ്ധതികളുടെ നടത്തിപ്പിനെ കുറിച്ച് പരിശോധിക്കാറുണ്ടോ ; ഈ സർക്കാരിന്റെ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇപ്പോഴും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ് ;

(സി) ഈ സർക്കാരിന്റെ മുൻ ബജറ്റുകളിൽ വകയിരുത്തപ്പെട്ട എത്ര തുക വീതം ഓരോ വർഷവും ചെലവഴിക്കുകയുണ്ടായിട്ടില്ല എന്ന് വിശദമാക്കുമോ ;

(ഡി) മത്സ്യമേഖലയിലെ വികസന കാര്യത്തിലും മത്സ്യത്തൊഴിലാളികളുടെ ക്ഷേമ കാര്യത്തിലും ഉണ്ടായിരിക്കുന്ന പിന്നോക്കാവസ്ഥമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2011-12 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പദ്ധതി

2011-12-ലെ ബഡ്ജറ്റ് നിർദ്ദേശത്തിൽപ്പെട്ട തീരദേശ വികസന അതോറിറ്റി രൂപീകരിക്കൽ എന്ന നിർദ്ദേശം, കേരള തീരദേശ വികസന കോർപ്പറേഷൻ നല്ല നിലയിൽ പ്രവർത്തിക്കുന്നതിനാൽ നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു

LIBRARY ARCHIVES Kerala Legislative Assembly